**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2782** **13-12-2022 - ൽ മറുപടിയ്ക്ക്**

**ഇ-മാർക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഇ-മാർക്കറ്റ് രൂപം നൽകാൻ ഉൽപാദകരെയും ഉപഭോക്താക്കളെയും ലോജിസ്റ്റിക് കമ്പനികളെയും ബന്ധിപ്പിക്കുന്നതിനായി ഓൺലൈൻ പ്ലാറ്റ്ഫോം നിലവിലുണ്ടോ; ഇല്ലെങ്കിൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | ഇ-മാർക്കറ്റ് യാഥാർഥ്യമാക്കിക്കൊണ്ട് ഉൽപാദകരെയും ഉപഭോക്താക്കളെയും ലോജിസ്റ്റിക് കമ്പനികളെയും ബന്ധിപ്പിച്ചുകൊണ്ട് സംസ്ഥാന വ്യവസായ വകുപ്പിന് കീഴിൽ keralaemarket.com എന്ന ഓൺലൈൻ പ്ലാറ്റ്ഫോം നിലവിലുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി കയർ മേഖലിയിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | keralaemarket.com എന്ന ഓൺ ലൈൻ പ്ലാറ്റ്ഫോം വഴി കയർ വികസന വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇ-മാർക്കറ്റ് രൂപം നൽകി കയർ തൊഴിലാളികളുടെ വരുമാനവും അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കാൻ സ്വീകരിക്കുന്ന നടപടികളെ കുറിച്ച് വ്യക്തമാക്കുമോ? | (സി) | കയർ പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് keralaemarket.com സംവിധാനം കൂടാതെ, സ്വന്തം വെബ്സൈറ്റിലൂടെയും പെപ്പർഫ്രൈ, ആമസോൺ, മീഷോ, ഫ്ളിപ്കാർട്ട് തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെയും പരമ്പരാഗത കയർ ഉൽപ്പന്നങ്ങൾ വിപണനം നടത്തി വരുന്നു. ഇതിലൂടെ കയർ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യതയും അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിന് ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ